**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1425** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പി.എം.ശ്രീ. പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ്

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പി.എം.ശ്രീ. പദ്ധതിയിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത മന്ത്രിസഭാ ഉപസമിതിയിലെ അംഗങ്ങൾ; പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണ്; മന്ത്രിസഭാ ഉപസമിതി ചേർന്ന യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് പി.എം.ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ 2025 ഒക്ടോബർ മാസം സംസ്ഥാനം ഒപ്പു വച്ചിട്ടുണ്ട്. പദ്ധതിയിൽ ഒപ്പുവച്ചതിനെത്തുടർന്ന് സംസ്ഥാനത്ത് ഉയർന്നുവന്ന ആശങ്കകൾ കണക്കിലെടുത്ത് പദ്ധതി റിവ്യൂ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ചിരുന്നു. പ്രസ്തുത മന്ത്രിസഭാ ഉപസമിതി പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത് നീട്ടി വയ്ക്കുകയാണെന്ന് (to keep in abeyance) കാണിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത മന്ത്രിസഭാ ഉപസമിതി യോഗം ചേർന്നിട്ടില്ല. ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് പിന്മാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. മേൽ സാഹചര്യത്തിൽ ഈ സർക്കാർ അധികാരമേറ്റതിനെത്തുടർന്ന് പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 18/06/2026 ലെ സ.ഉ.(കൈ)നം.107/2026/പൊ.വി.വ. പ്രകാരം പൊതുവിദ്യാഭ്യാസ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി കൺവീനറായും, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, വിനോദ സഞ്ചാര സാംസ്കാരിക കാര്യ വകുപ്പ് മന്ത്രി, സഹകരണ എക്സൈസ് വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായും ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഭരണഘടനാ പ്രകാരമുള്ള സംസ്ഥാനത്തിന്റെ അവകാശങ്ങളായ സിലബസ് തയ്യാറാക്കൽ, പദ്ധതിയിൽ അംഗമാകുന്നതിനുള്ള സ്കൂളുകളുടെ തിരഞ്ഞെടുപ്പ് എന്നിവ നിലനിർത്തിക്കൊണ്ട് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായാണ് മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ ആദ്യ യോഗം 24/06/2026 ന് ചേരുകയുണ്ടായെങ്കിലും ടി വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ബി)** പി.എം.ശ്രീ. പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ സർക്കാർ, കേന്ദ്രസർക്കാരുമായി ഒപ്പിട്ട എം.ഒ.യു (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) മരവിപ്പിക്കുന്നതിനായി കത്ത് നൽകിയ സാഹചര്യത്തിൽ പദ്ധതി നടപ്പാക്കാതിരിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; എങ്കിൽ ആ തടസ്സം നീക്കുന്നതിനും

പദ്ധതി നടപ്പാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ പോകുന്നത്;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പി.എം.ശ്രീ. പദ്ധതിയിൽ കേരള സർക്കാർ സഹകരിക്കുന്നില്ല, നടപ്പിലാക്കുന്നില്ല എന്നൊക്കെ സുപ്രീംകോടതിയിൽ കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ സാഹചര്യം വ്യക്തമാക്കാമോ; ഇതിൽ കേരള സർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** കേരളത്തിൽ എത്ര സർക്കാർ/എയ്ഡഡ് സ്കൂളുകളാണ് നിലവിൽ ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ളത്; പി.എം.ശ്രീ. പദ്ധതിയുടെ ഭാഗമായി എന്തെങ്കിലും ഫണ്ട് നാളിതുവരെ സർക്കാരിന് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പി.എം.ശ്രീ പദ്ധതി കേരളത്തിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. അതിനാൽ പി.എം.ശ്രീ പദ്ധതിയുടെ ഭാഗമായി ഒരു തുകയും നാളിതുവരെ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല. എന്നാൽ പി.എം.ശ്രീ പദ്ധതിക്കായുള്ള ധാരണ പത്രത്തിൽ ഒപ്പു വച്ചതിനെ തുടർന്ന് 2025-26 വർഷത്തിൽ സമഗ്ര ശിക്ഷ കേരളം പദ്ധതിയ്ക്ക് തടഞ്ഞുവച്ച 99.27 കോടി രൂപ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**